<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315**</u> <u>**15-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിക്കേണ്ട വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തിയിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 82% വസ്തു നികുതിയും 95% തൊഴിൽ നികുതിയും പിരിച്ചെടുത്തിട്ടുണ്ട്.**<br><br>**നഗരസഭകളിൽ നികുതികൾ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൂർണമായും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത നികുതികൾ കൃത്യമായി പിരിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പുരോഗതി ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്; | (ബി) | 1. ഗ്രാമപഞ്ചായത്തുകളിൽ നികുതി കുടിശ്ശികയുള്ള നികുതിദായകന് എസ്.എം.എസ്. മുഖേന നികുതി കുടിശ്ശിക സംബന്ധിച്ച വിവരം നിശ്ചിത ഇടവേളകളിൽ പേയ്മെന്റ് ലിങ്ക് ഉൾപ്പെടെ നൽകി നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2. വസ്തു നികുതി 100% ഓൺലൈൻ ആയി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികളും പ്രചാരണ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.<br><br>3. തൊഴിൽ നികുതി ഓൺലൈൻ മോഡിലൂടെ ഡിമാന്റ് ചെയ്യുന്നതിനും അടയ്ക്കുന്നതിനുമുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>നഗരസഭ തലത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി മേഖലാ നഗരകാര്യ |

| | | | |
|---|---|---|---|
| | | | ജോയിന്റ് ഡയറക്ടർ തലത്തിൽ നഗരസഭ സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ നഗരസഭ സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ നികുതി പിരിവു സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു് വരുന്നു. |
| (സി) | നികുതി പിരിവിന്റെ പുരോഗതി മനസ്സിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (സി) | പഞ്ചായത്ത് തലത്തിൽ സഞ്ചയ സോഫ്റ്റ്വെയർ മുഖേന വസ്തു നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുന്നതിന് സാധിക്കുന്നുണ്ട്.<br><br>നഗരസഭാതലത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ മുഖാന്തിരം നികുതി പിരിവു പുരോഗതി മനസ്സിലാക്കാവുന്നതാണ്. നികുതികൾ തിട്ടപ്പെടുത്തുന്നതിനും, നികുതി പിരിവ് വിലയിരുത്തുന്നതിനും ഇതു വഴി സാധിക്കുന്നതാണ്. നിലവിൽ തൊഴിൽ കരം പിരിക്കുന്നതിനായി IITMK തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോം ആണ് ഉപയോഗിച്ച് വരുന്നത്. വസ്തു നികുതി ഒടുക്കുന്നതിനും ഓൺലൈൻ സംവിധാനം നിലവിലുണ്ട്. മേഖല ജോയിന്റ് ഡയറക്ടർ നഗരകാര്യ ഡയറക്ടർ തലങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി അവലോകനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ